പതിമൂന്നാംകേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2801 — 21.06.2012 - ൽ മറുപടിക്ക്

## കെ.എസ്.റ്റി.പി. രണ്ടാംഘട്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നിബെഹനാൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ. റ്റി. ജോർജ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) കെ.എസ്.റ്റി.പി. രണ്ടാംഘട്ടം പദ്ധതി നടപ്പാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സാമ്പത്തിക കാര്യവകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;<br><br>(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രവും ലോകബാങ്കും എന്തെല്ലാം സഹായമാണ് നൽകുന്നതെന്ന് വിശദമാക്കുമോ ; | (എ) (ബി) (സി) & (ഡി) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി 367 കി.മീ. ദൈർഘ്യം വരുന്ന 7 റോഡുകളുടെ പുനരുദ്ധാരണമാണ് ആദ്യം ഉദ്ദേശിച്ചിരുന്നത്. ഇതിനായി 1356 കോടി രൂപയ്ക്ക് തയ്യാറാക്കിയ പദ്ധതിക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ സാമ്പത്തിക കാര്യ വകുപ്പ് അംഗീകാരം നൽകിയിരുന്നു. ഇതിൽ ലോക ബാങ്കിന്റെ വായ്പ 648 കോടി രൂപയാണ്. എന്നാൽ ഈ സർക്കാർ അധികാരം ഏറ്റെടുത്ത ശേഷം 2012 ഫെബ്രുവരി മാസം ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തി. തുടർന്ന് 1000 കി.മീ. റോഡുകൾ ഹെവിമെയിന്റനൻസ് ചെയ്യുന്നതും ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയ 254 കി.മീ. റോഡുകളുടെയും 28 ഹെവി മെയിന്റനൻസ് റോഡുകളുടെയും ദീർഘകാലാടിസ്ഥാനത്തിലുള്ള അറ്റ കുറ്റപ്പണികൾ ചെയ്യുന്നതും കൂടി കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ |

| | | |
|---|---|---|
| (ഡി) | വരുന്ന സാമ്പത്തികവർഷം എത്ര കി.മി. റോഡുകളുടെ പുനരുദ്ധാരണവും ഹെവിമെയിന്റനൻസും ആണ് നടപ്പിലാക്കുന്നത് ? | ഉൾപ്പെടുത്തി ധനസഹായം നൽകുന്ന കാര്യം സംസ്ഥാനം സന്ദർശിച്ച ലോകബാങ്ക് പ്രതിനിധികൾ തത്വത്തിൽ അംഗീകരിച്ചു. ഇതു കൂടാതെ റോഡു സുരക്ഷാ പ്രവർത്തനങ്ങൾ, പൊതുമരാമത്ത് വകുപ്പിനെ ശക്തിപ്പെടുത്തൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം പുതുക്കിയ കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിന്റെ ആകെ ചെലവ് 2942 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇപ്രകാരം പുതുക്കിയ പദ്ധതിക്ക് അംഗീകാരം നൽകുന്ന കാര്യം കേന്ദ്രമന്ത്രാലയത്തിന്റെ കീഴിലുള്ള സാമ്പത്തികകാര്യ വകുപ്പിന്റെയും ലോകബാങ്കിന്റെയും സജീവപരിഗണനയിലാണ്. ഇക്കാര്യത്തിൽ തുടർ ചർച്ചകൾക്കായി ലോകബാങ്ക് പ്രതിനിധികൾ 2012 ജൂൺ മാസം സംസ്ഥാനം സന്ദർശിക്കുന്നുണ്ട്.<br><br>ലോകബാങ്ക് മിഷനുമായുള്ള ചർച്ചകൾ . പൂർത്തിയായ ശേഷമേ ധനസഹായമായി എത്ര രൂപയാണ് ലഭിക്കുന്നത് എന്ന കാര്യം അറിയാൻ സാധിക്കുകയുള്ളൂ. 2013 ജനുവരി മാസത്തോടു കൂടി കെ.എസ്.ടി.പി. രണ്ടാംഘട്ട റോഡ് നിർമ്മാണം തുടങ്ങുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ